# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 406 - 28/02/2017 - ലെ മറുപടിക്ക്

## സംസ്ഥാന പദ്ധതി അടങ്കൽ തുക

**ചോദ്യം** | **ഉത്തരം**

ശ്രീ . ഐ.സി. ബാലകൃഷ്ണൻ

ഡോ. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ. | നടപ്പ് സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റ് അനുസരിച്ച് സംസ്ഥാന പദ്ധതി അടങ്കൽ തുക കേന്ദ്ര വിഹിതമുൾപ്പെടെ ആകെ എത്രയാണ്; വ്യക്തമാക്കുമോ; | നടപ്പ് സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റ് അനുസരിച്ച് സംസ്ഥാന പദ്ധതി അടങ്കൽ തുക കേന്ദ്ര വിഹിതമുൾപ്പെടെ ആകെ 30,570.17 കോടി രൂപയാണ്. |
| ബി | ഇതിൽ എസ്.സി/എസ്.ററി വിഭാഗത്തിനായി നീക്കിവച്ചിട്ടുള്ളത് എന്തു തുകയാണ്; | ഇതിൽ എസ്.സി വിഭാഗത്തിനായി 1,746.42 കോടി രൂപയും എസ്.ടി വിഭാഗത്തിനായി 591.46 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. |
| സി | ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കിവച്ചിട്ടുള്ള തുകയെത്ര; വ്യക്തമാക്കാമോ; | ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി 5,500 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. |
| ഡി | ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ എസ്.സി/എസ്.റ്റി. മേഖലയ്ക്ക് വേണ്ടി എന്തു തുക ചെലവഴിച്ചുവെന്നും ഇത് ആകെ അനുവദിച്ച തുകയുടെ എത്ര ശതമാനമാണെന്നും വിശദമാക്കാമോ? | ഈ സാമ്പത്തിക വർഷത്തിൽ ജനുവരി 31 വരെ എസ്.സി മേഖലയ്ക്ക് വേണ്ടി 871.22 കോടി രൂപയും എസ്.റ്റി. മേഖലയ്ക്ക് വേണ്ടി 277.18 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. ഇത് യഥാക്രമം ആകെ അനുവദിച്ച തുകയുടെ 50%, 47% വീതമാണ്. |

Sreekumar

*സെക്ഷൻ ഓഫീസർ*